**പതിമൂന്നാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3845** — **25.06.2013 - ലെ മറുപടിക്ക്**

## വ്യാവസായികാവശ്യങ്ങൾക്ക് നൽകിയ ഭൂമി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി തിലോത്തമൻ | **ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി)** |
| (എ) കേരളത്തിൽ വ്യാവസായികാവശ്യങ്ങൾക്കു വേണ്ടി സർക്കാർ വിവിധ സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും നൽകിയിരുന്ന ഭൂമിയിൽ പൂർണ്ണമായും വ്യവസായങ്ങൾ പ്രവർത്തിക്കുന്നുണ്ടോ എന്നു പരിശോധിച്ചിട്ടുണ്ടോ ; | (എ) : ഉണ്ട് |
| (ബി) വ്യവസായ സ്ഥാപനങ്ങൾക്കു വേണ്ടി സ്ഥാപനങ്ങളുടെയും വ്യക്തികളുടെയും പേരിൽ സർക്കാർ പാട്ടത്തിനും പതിച്ചും വിലയ്ക്കും നൽകിയ ഭൂമികൾ പ്രസ്തുത ആവശ്യത്തിനല്ലാതെയും സർക്കാർ നൽകിയ ഉടമകളുടെ ഉടമസ്ഥതയിലല്ലാതെയും പ്രവർത്തിക്കുന്ന കേസുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്നു പറയാമോ ; ഇത്തരം കേസുകളിൽ എന്തു നടപടികൾ കൈക്കൊണ്ടു എന്നു വ്യക്തമാക്കാമോ ; | (ബി):ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം കേസുകൾ ശ്രദ്ധയിൽപ്പെടുമ്പോൾ പ്രസ്തുത സ്ഥലം തിരിച്ചെടുക്കുകയും അർഹതയുള്ള മറ്റു വ്യവസായികൾക്ക് അലോട്ട് ചെയ്തു വരുന്നു. |
| (സി) വ്യവസായ ആവശ്യങ്ങൾക്കു നൽകിയ ഭൂമികൾ വിലയ്ക്കോ അല്ലാതെയോ കൈമാറ്റം ചെയ്യുന്നതായി തെളിഞ്ഞിട്ടുണ്ടോ ; ഈ തരത്തിലുള്ള കൈമാറ്റങ്ങൾ തടയുന്നതിനും ഇത്തരം സ്ഥലം തിരിച്ചെടുക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്നു പറയാമോ? | (സി):ഇത്തരത്തിലുള്ള കൈമാറ്റങ്ങൾ ശ്രദ്ധയിൽപ്പെടുമ്പോൾ സ്ഥലം തിരിച്ചെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ